# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1953** **04.05.2017-ൽ മറുപടിക്ക്**

### സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ

| | ചോദ്യം<br>ശ്രീ വി. അബ്ദുറഹിമാൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; | (എ) | വനം വകുപ്പിൽ ,നിന്നുള്ള അനുമതി ലഭിക്കേണ്ടത്, മറ്റുള്ളവരുടെ ഭൂമിയിലൂടെ ലൈൻ വലിക്കുന്നതിൽ തടസ്സമുള്ളത്, വയറിംഗ് പൂർത്തിയാക്കി അപേക്ഷ നൽകാൻ കഴിയാത്തത് 2017 മാർച്ച് മാസം അവസാനം മാത്രം അപേക്ഷ ലഭിച്ചതുമായ ഉപഭോക്താക്കൾ തുടങ്ങിയ കാരണങ്ങളാൽ ബാക്കി നിൽക്കുന്നവ ഒഴിച്ച് പ്രയോഗികമായി കണക്ഷൻ നൽകുന്നതിന് കഴിയാവുന്ന മുഴുവൻ വീടുകൾക്കും വൈദ്യുതി നൽകികൊണ്ട് സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | മാർച്ച് 31 ന് മുൻപ് അപേക്ഷ നൽകാൻ കഴിയാത്തവർക്ക് ഇനി അപേക്ഷിക്കാൻ അവസരം നൽകുമോ; | (ബി) | 2017 മാർച്ച് 31-നകം വാസയോഗ്യമായ വീടുകൾക്കും, അന്നേക്ക് പ്രവർത്തനക്ഷമമായ അംഗൻവാടികൾക്കും വൈദ്യുതി എത്തിക്കുക എന്നതാണ് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ലക്ഷ്യം ഇട്ടിരുന്നത്. പദ്ധതി നീട്ടുന്നത് സംബന്ധിച്ച് തീരുമാനിച്ചിട്ടില്ല. പുതിയ വീടുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഏതെങ്കിലും തീയ്യതി മാനദണ്ഡമാക്കി മാത്രമേ ഇത്തരം പദ്ധതികൾ നടപ്പാക്കാൻ കഴിയുകയുള്ളൂ. കണക്ഷൻ നൽകുന്നതിനുള്ള കാലതാമസംഒഴിവാക്കി തുടർന്നുള്ള വീടുകൾക്കും നിയമാനുസൃതം കണക്ഷൻ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ലൈൻ വലിക്കുന്നതുമായി ബന്ധപ്പെട്ട് മറ്റ് ഭൂഉടമകൾ അനുവാദം നൽകാത്തതിനാൽ പൂർത്തീകരിക്കാനാകാത്ത പ്രവൃത്തി പൂർത്തീകരിക്കാൻ പ്രത്യേക നടപടി സ്വീകരിക്കുമോ? | | നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ